**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1039

14.06.2012 ൽ മറുപടിയ്ക്ക്

**തളിപ്പറമ്പ് താലൂക്കിലെ ഭൂ പ്രശ്നം**

| ചോദ്യം<br>ശ്രീ.ജെയിംസ് മാത്യു | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(ബഹു.റവന്യൂ വകുപ്പ് മന്ത്രി) |
|---|---|
| എ) തളിപ്പറമ്പ് താലൂക്കിലെ പട്ടുവം-പന്നിയൂർ-കുറുമാത്തൂർ വില്ലേജുകളടക്കമുള്ള പ്രദേശങ്ങളിലെ ഭൂപ്രശ്നവുമായി ബന്ധപ്പെട്ട ഉത്തരവുകളും ഒത്തുതീർപ്പുകളും നടപ്പാക്കിയിട്ടുണ്ടോ; | എ) തളിപ്പറമ്പ് താലൂക്കിലെ പട്ടുവം-പന്നിയൂർ-കുറുമാത്തൂർ വില്ലേജുകളിലെ ഭൂപ്രശ്നവുമായി ബന്ധപ്പെട്ട ഒത്തുതീർപ്പനുസരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| ബി) എങ്കിൽ 23.06.2010 ലെ കളക്ടറുടെ ഉത്തരവ് 2.2.2011 ലെ ലാന്റ് ബോർഡ് ഉത്തരവ്, 2.4.2012 ന്റെ കളക്ടറുമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് എന്നിവയുടെ വിശദാംശങ്ങളും ആയവ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ; | ബി) പട്ടുവം ഭൂമി പ്രശ്നം സംബന്ധിച്ച് ചർച്ച ചെയ്തതിൽ കെ.എൽ.ആർ ആക്ട് നിലവിൽ വരുന്നതിന് മുമ്പ് ഭൂമി കൈവശമുള്ളവരാണ് എന്ന വാദഗതി പരിഗണിച്ച് ജില്ല കളക്ടർ നേരിട്ട് സ്ഥലം പരിശോധിച്ച് ഉചിതമായ തീരുമാനം സ്വീകരിക്കുന്നതും ഇക്കാര്യത്തിൽ സർക്കാർ ഉത്തരവുകൾ ആവശ്യമാണെങ്കിൽ ആയത് സംബന്ധിച്ച് കൈവശക്കാരെ കൂടി ബോദ്ധ്യപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. കൂടാതെ ജന്മിയുടെ കൈവശഭൂമി പരിശോധിച്ച് സ്കെച്ച്, മഹസർ ഇവ തയ്യാറാക്കി റിപ്പോർട്ട് നൽകുന്നതിന് തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കുറുമാത്തൂർ വില്ലേജിൽ ടി എൽ ബി 627/73/ടി ബി എ പ്രകാരം ഏറ്റെടുക്കാൻ ഉത്തരവായ 13.68 ഏക്കർ മിച്ചഭൂമിയിൽ താമസക്കാരായ 76 പേരുടെ കൈവശമുള്ള 11.86 ഏക്കർ ഭൂമി സംബന്ധിച്ച് കൈവശം വെച്ച് വരുന്ന അടിസ്ഥാനത്തിൽ വ്യക്തിഗത സ്കെച്ച്, മഹസർ എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ഈ ഭൂമി സീലിംഗ് റൂൾസ് 30(2)(1)(എ) പ്രകാരം പതിച്ചു നൽകാൻ ഫോറം 16 വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പന്നിയൂർ ഭൂമി പ്രശ്നം സംബന്ധിച്ച് ചർച്ച ചെയ്തതിൽ കൈവശക്കാർക്ക് പട്ടയം ലഭിച്ചിട്ടുള്ള ഭൂമി കൈവശം വെച്ചുവരുന്നത് |

സംബന്ധിച്ച് കൈവശക്കാരുടെ ആധാരം, പട്ടയം മുതലായ രേഖകൾ പരിശോധിച്ച് ലഭ്യമാകുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. വ്യക്തിഗത കൈവശം പരിശോധിച്ച് സ്കെച്ച്, മഹസർ എന്നിവ സഹിതം റിപ്പോർട്ട് തയ്യാറാക്കുന്നതിന് തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

| | | | |
|---|---|---|---|
| സി) | പ്രസ്തുത വിഷയത്തിൽ അടിയന്തിരമായി നടപടികൾ പൂർത്തീകരിച്ച് പ്രശ്നത്തിന് സമ്പൂർണ്ണ പരിഹാരം എന്ന് ഉണ്ടാവുമെന്ന് അറിയിക്കാമോ? | സി) | ഈ വിഷയത്തിൽ സമ്പൂർണ്ണ പരിഹാരം ഉണ്ടാകുന്നതിനായുള്ള അടിയന്തിര നടപടികൾ തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ